**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4741** **29-10-2021 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങൾക്കായി വ്യവസായ സംരംഭകത്വ വികസന പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവജനങ്ങൾക്കായി വ്യവസായ സംരംഭകത്വ വികസന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലാ യുവജനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ജില്ലകളിലെ യൂത്ത് കോ-ഓർഡിനേറ്റർമാരും, കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങളും ചേർന്ന് എൽ.ഇ.ഡി ചലഞ്ച് എന്ന സംരംഭത്തിന് തുടക്കമിട്ടു. ആയതിന്റെ ഭാഗമായി എൽ.ഇ.ഡി ബൾബുകൾ നിർമ്മിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത വോളന്റിയർമാർക്ക് പരിശീലനം നൽകുകയുണ്ടായി. പരിശീലനം പൂർത്തിയാക്കിയവർ ചേർന്ന് എൽ.ഇ.ഡി ബൾബുകൾ നിർമ്മിക്കുകയും ഈ ബൾബുകൾക്ക് യുവ എൽ.ഇ.ഡി ബൾബ് എന്ന് നാമകരണം നടത്തുകയും ചെയ്തു. യുവ എൽ.ഇ.ഡി ബൾബിന്റെ പരിശീലനത്തിന്റെ ഭാഗമായി നിർമ്മിച്ച 9 വാട്ട് ബൾബുകൾ വിപണിയിലെത്തിക്കുകയും ഇതുവഴി സമാഹരിച്ച തുക ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുകയും ചെയ്തു. സംസ്ഥാനത്ത് ആകെ 680 പേർക്ക് ഈ പരിശീലനം നൽകുകയും 2,98,415/-രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുമുണ്ട്. യുവജന കൂട്ടായ്മകൾ രൂപപ്പെടുത്തി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും അതിലൂടെ വരുമാനം ആർജ്ജിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ടി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് യുവജനങ്ങൾ ഉൾപ്പെടെയുള്ള സംരംഭകർക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ 15 ദിവസത്തെ സംരംഭകത്വ വികസന പരിപാടി സംഘടിപ്പിച്ച് വരുന്നുണ്ട്. സംരംഭകത്വത്തിലെ നൂതന ആശയങ്ങൾ, വിവധ വ്യവസായ മേഖലകളിലെ പുതു |

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യ, സംരംഭം തുടങ്ങുന്നതിനും തുടർ പ്രവർത്തനത്തിനും ആവശ്യമായ കഴിവുകൾ വികസിപ്പക്കുക, വ്യവസായവുമായി ബന്ധപ്പെട്ട അറിവുകൾ, വ്യവസായികൾക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള സഹായങ്ങൾ തുടങ്ങിയവ സംരംഭകർക്ക് പകർന്ന് നൽകുക വഴി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ മേഖലയെ ശക്തിപ്പെടുത്തി കൂടുതൽ സംരംഭങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കുന്നതിനും അത് വഴി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും സംസ്ഥാനത്ത് വ്യവസായ പുരോഗതി ഉണ്ടാക്കുകയും സംസ്ഥാനത്തിന്റെ ജി.ഡി.പി-യിൽ വർദ്ധന ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് വ്യവസായ വകുപ്പ് മുഖേനയുള്ള സംരംഭകത്വ വികസന പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (ബി) | പ്രസ്തുത പരിപാടിയിലൂടെ കൈവരിക്കാനുദ്ദേശിച്ചിരുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലാ യുവജനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ജില്ലകളിലെ യൂത്ത് കോ-ഓർഡിനേറ്റർമാരും, കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങളും ചേർന്ന് എൽ.ഇ.ഡി ചലഞ്ച് എന്ന സംരംഭത്തിന് തുടക്കമിട്ടു. ആയതിന്റെ ഭാഗമായി എൽ.ഇ.ഡി ബൾബുകൾ നിർമ്മിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത വോളന്റിയർമാർക്ക് പരിശീലനം നൽകുകയുണ്ടായി. പരിശീലനം പൂർത്തിയാക്കിയവർ ചേർന്ന് എൽ.ഇ.ഡി ബൾബുകൾ നിർമ്മിക്കുകയും ഈ ബൾബുകൾക്ക് യുവ എൽ.ഇ.ഡി ബൾബ് എന്ന് നാമകരണം നടത്തുകയും ചെയ്തു. യുവ എൽ.ഇ.ഡി ബൾബിന്റെ പരിശീലനത്തിന്റെ ഭാഗമായി നിർമ്മിച്ച 9 വാട്ട് ബൾബുകൾ വിപണിയിലെത്തിക്കുകയും ഇതുവഴി സമാഹരിച്ച തുക ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുകയും ചെയ്തു. സംസ്ഥാനത്ത് ആകെ 680 പേർക്ക് ഈ പരിശീലനം നൽകുകയും 2,98,415/-രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുമുണ്ട്. യുവജന കൂട്ടായ്മകൾ രൂപപ്പെടുത്തി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും അതിലൂടെ വരുമാനം ആർജ്ജിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ടി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് യുവജനങ്ങൾ ഉൾപ്പെടെയുള്ള സംരംഭകർക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ 15 ദിവസത്തെ സംരംഭകത്വ വികസന പരിപാടി സംഘടിപ്പിച്ച് വരുന്നുണ്ട്. സംരംഭകത്വത്തിലെ നൂതന ആശയങ്ങൾ, വിവധ വ്യവസായ മേഖലകളിലെ പുതു |

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യ, സംരംഭം തുടങ്ങുന്നതിനും തുടർ പ്രവർത്തനത്തിനും ആവശ്യമായ കഴിവുകൾ വികസിപ്പക്കുക, വ്യവസായവുമായി ബന്ധപ്പെട്ട അറിവുകൾ, വ്യവസായികൾക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള സഹായങ്ങൾ തുടങ്ങിയവ സംരംഭകർക്ക് പകർന്ന് നൽകുക വഴി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ മേഖലയെ ശക്തിപ്പെടുത്തി കൂടുതൽ സംരംഭങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കുന്നതിനും അത് വഴി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും സംസ്ഥാനത്ത് വ്യവസായ പുരോഗതി ഉണ്ടാക്കുകയും സംസ്ഥാനത്തിന്റെ ജി.ഡി.പി-യിൽ വർദ്ധന ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് വ്യവസായ വകുപ്പ് മുഖേനയുള്ള സംരംഭകത്വ വികസന പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) | വ്യവസായ സംരംഭകത്വ വികസന പരിപാടി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | 2022-23 വർഷത്തെ പദ്ധതികളിൽ ഡെലിവറി മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിനും എൽ.ഇ.ഡി ബൾബ് നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള പദ്ധതികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ